# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2470

08.05.2017-ൽ മറുപടിക്ക്

**അംഗപരിമിതർക്ക് മാറ്റിവച്ച ഡെപ്യൂട്ടി കളക്ടർ തസ്തികകൾ**

| ചോദ്യം<br>**ശ്രീ.സി. കൃഷ്ണൻ** | മറുപടി<br>**ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|
| എ) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) 13/2000/എസ്.ഡബ്ല്യു.ഡി തീയതി 19.06.2000 പ്രകാരം അംഗപരിമിതർക്ക് 01.01.2004 മുതലുള്ള ഒഴിവുകൾ നീക്കിവച്ച് പി.എസ്.സി.യെ അറിയിക്കണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | എ) ലാൻഡ് റവന്യൂ വകുപ്പിലെ നേരിട്ടുള്ള നിയമനം വഴി നികത്തപ്പെടേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അംഗപരിമിതരെന്നോ പൊതു വിഭാഗമെന്നോ വേർതിരിച്ച് റിപ്പോർട്ട് ചെയ്യാറില്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വിവിധ വിഭാഗങ്ങൾക്കുള്ള ടേൺ അനുസരിച്ച് നിയമന ശിപാർശ നൽകേണ്ടത് പി.എസ്.സി.യാണ്. |
| ബി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 01.01.2004 മുതലുള്ള ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ അംഗ പരിമിതർക്കുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടില്ലെന്ന് പി.എസ്.സി. റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി | ബി) ഇതു സംബന്ധിച്ച് കത്തുകളൊന്നും ലഭിച്ചിട്ടില്ല. |

സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

| | | | |
|---|---|---|---|
| സി) | ഇതുവരെ പി.എസ്.സി.മുഖേന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇതിൽ എത്ര അംഗപരിമിതർക്ക് നിയമനം നൽകേണ്ടതായിരുന്നു; എന്തുകൊണ്ടാണ് നിയമനം നൽകാതിരുന്നത് എന്ന് വ്യക്തമാക്കാമോ; | സി) | 15.07.1977 മുതലാണ് ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്കായി വേക്കൻസികൾ പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്തു തുടങ്ങിയത്. അന്നുമുതൽ നാളിതുവരെ 83 വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം 01.01.2008 മുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വേക്കൻസികൾക്കാണ് ഭിന്നശേഷി ക്കാർക്കായുള്ള 3% സംവരണം ബാധകമാക്കിയിരിക്കുന്നത്. 01.01.2008 മുതലുള്ള വേക്കൻസി കൾക്കാണ് നിലവിൽ PH സീരിയൽ നമ്പർ ഇടുന്നത്. ആയത് പ്രകാരം PH സീരിയൽ നമ്പർ 16 ലാണ് നിൽക്കു ന്നത്. നിലവിലുള്ള നിയമപ്രകാരം PH സീരിയൽ നമ്പർ 33 വെത്തുമ്പോൾ മാത്രമേ അംഗപരിമിതർക്ക് നിയമനത്തിന് അർഹതയുള്ളൂ. ഇക്കാര്യം പി.എസ്.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| ഡി) | ഇതു സംബന്ധിച്ച് കോടതി നിർദ്ദേശങ്ങളോ ഉത്തരവുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികൾ സർക്കാരിന്റെ മുന്നിൽ ലഭിച്ചിട്ടുണ്ടോ; | ഡി) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള കോടതി ഉത്തരവുകളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. |
| ഇ) | അംഗപരിമിതർക്ക് കേന്ദ്രനിയമ പ്രകാരവും ബഹു. സുപ്രീംകോടതി വിധിപ്രകാരവും 1996 മുതലുള്ള മുൻകാല ഒഴിവുകൾ കണക്കാക്കി | (ഇ) & (എഫ്) | നിലവിലുള്ള 19.07.2008 തീയതിയിലെ സ.ഉ(പി)നം.46/08/എസ്.ഡബ്ല്യു.ഡി, 07.05.2011 തീയതിയിലെ സ.ഉ.(എം.എസ്)നം.29/11/ എസ്.ഡബ്ല്യു.ഡി |

നിയമനം നൽകണമെന്ന് വ്യവസ്ഥ യുണ്ടായിട്ടും ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ കാര്യത്തിൽ ഇക്കാര്യം നടപ്പാക്കാത്തതെന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

എഫ്) നിലവിൽ ഡെപ്യൂട്ടി കളക്ടർ റാങ്ക് പട്ടികയിൽ ഉള്ള അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് റാങ്ക് പട്ടികയുടെ കാലാവധി കഴിയുംമുമ്പ് നിയമനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് അംഗപരിമിതർക്ക് സംവരണാടിസ്ഥാനത്തിലുള്ള നിയമനം നൽകിവരുന്നത്. മറിച്ചുള്ള ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നത് പി.എസ്.സി. ആണ്.

**സെക്ഷൻ ഓഫീസർ**